റിവർ മാനേജ്മെന്റ് ഫണ്ട്

159 (1237) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ കഴിഞ്ഞ നാലര വർഷത്തെ ഉപയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ സ്രോതസ്സ് ഏതെല്ലാമാണ് ; പ്രസ്തുത ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ;

(സി) പ്രസ്തുത ഫണ്ടിന്റെ ശേഷിക്കുന്ന തുകയെത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) നദീതീരസംരക്ഷണത്തിന് പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നുണ്ടോ ; തുക വിനിയോഗിച്ചതു സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ ;

(ഇ) നദീതീര സംരക്ഷണത്തിനുള്ള സ്റ്റേറ്റ് ഹൈ ലെവൽ കമ്മിറ്റി യോഗം ചേരുന്നതിന്റെ ചെലവിലേക്കായി പ്രസ്തുത ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ?

ഉത്തരം

(എ) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ കഴിഞ്ഞ നാലര വർഷത്തെ ഉപയോഗം സംബന്ധിച്ച വിശദാംശങ്ങളും ജില്ലാടിസ്ഥാനത്തിലുള്ള കണക്കും അനുബന്ധം A'-യിൽ ചേർത്തിരിക്കുന്നു.

(ബി) 2001-ലെ കേരള നദീതീരസംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിന് കീഴിൽ 2002-ൽ രൂപീകൃതമായ ചട്ടങ്ങളിലെ ചട്ടം 22 പ്രകാരമാണ് റിവർമാനേജ്മെന്റ് ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. കടവുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടും നദീതീര വികസന പദ്ധതികൾക്കായുമാണ് ടി ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നത്. പ്രസ്തുത ചട്ടത്തിലെ 2-ാം ഉപചട്ടപ്രകാരം മണൽ വിറ്റനയിൽ നിന്നും ലഭിക്കുന്ന തുകയുടെ 50% ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്നും അനുശാസിക്കുന്നു. ഇപ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് നേരിട്ട് ലഭിക്കുന്ന തുക (തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകിയത് കഴിച്ചുള്ളത്) ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണെന്ന് ചട്ടം അനുശാസിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. സർക്കാർ അംഗീകരിച്ച നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടിവരുന്ന ചെലവുകൾ.

2. നിയമത്തിന്റെ 29-ാം വകുപ്പനുസരിച്ച് സെസ്സ് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുള്ള ചെലവുകൾ.

3. ജില്ലാ വിദഗ്ധ സമിതികളുടെയും സംസ്ഥാന ഉന്നതതല സമിതിയുടെയും യോഗനടപടികൾക്കും സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത നൽകുന്നതിനും വേണ്ടിവരുന്ന ചെലവുകൾ.

4. റിവർ മാനേജ്മെന്റ് ഫണ്ട് ആഡിറ്റ് ചെയ്യുന്നതിനുള്ള ചെലവ്.

5. അനുമതി ഇല്ലാത്ത കടവുകളിലെ മണൽ ഖനനം തടയുന്നതിനായി സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള ചെലവുകൾ.

6. കടവുകളിൽ വാഹനം ഇറങ്ങാത്തവിധം 100 മീറ്റർ അകലത്തിൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള ചെലവുകൾ

7. അനധികൃത മണൽ വാരൽ തടയുന്നതിനുള്ള പട്രോളിംഗിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചെലവുകൾ

8. സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയോ സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ളതോ ആയ കാര്യങ്ങളുടെ നടത്തിപ്പിനുള്ള ചെലവുകൾ

9. പ്രകൃതിക്ഷോഭം, വരൾച്ച, പേമാരി എന്നിവ മൂലമുണ്ടായ നാശനഷ്ടങ്ങൾ പുനഃസ്ഥാപിക്കുന്നതിലേക്കായി സർക്കാർ നടത്തിയതും പൂർത്തീകരിച്ചതുമായ പ്രവൃത്തികൾക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയോ പ്രത്യേക നിർദ്ദേശത്തോടെയോ നൽകുന്ന ചെലവുകൾ.

10. ഒരു കടവിൽ നിന്ന് മണൽ കൊണ്ടുപോകുമ്പോൾ നൽകേണ്ടതായ പാസ് അച്ചടിക്കുന്നതിനുള്ള ചെലവുകൾ

11. 9-ാം ഉപചട്ടത്തിന്റെ (എസ്) ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി ജീവനക്കാരെ ദിവസ വേതനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 120 രൂപാ വീതം നൽകുന്നതിനുള്ള ചെലവ്.

LIBRARY ARCHIVES Kerala Legislative Assembly

മേല്പറഞ്ഞവയിലേക്കല്ലാതെ മറ്റ് ഇതര ചെലവുകളിലേയ്ക്ക് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഇക ചെലവഴിക്കുമ്പോൾ സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ്.

(സി) പ്രസ്തുത ഫണ്ടിന്റെ ശേഷിക്കുന്ന ഇക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം A*-യിൽ ചേർത്തിരിക്കുന്നു.

(ഡി) നദീതീരസംരക്ഷണത്തിന് പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നുണ്ട്. ഇക വിനിയോഗിച്ചത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം A-യിൽ ചേർത്തിരിക്കുന്നു.*

(ഇ) സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റിയുടെ അനൗദ്യോഗിക അംഗങ്ങൾക്കുള്ള ടി.എ./ഡി.എ., സിറ്റിംഗ് ഫീസ് എന്നിവ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും നൽകിവരുന്നുണ്ട്.

പട്ടയം നൽകുന്നതിനുള്ള നടപടികൾ

160 (1238) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) കനാൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നിയമതടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) പത്തനാപുരം നിയോജക മണ്ഡലത്തിൽ പട്ടയം നൽകുന്നതു സംബന്ധിച്ച നിലവിലെ അവസ്ഥ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരവും വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും അർഹരായ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പഞ്ചായത്ത് പ്രദേശങ്ങളിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly